**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 256** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഉറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | കൺസഷൻ കരാറിലെ വ്യവസ്ഥ പ്രകാരം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുമായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം തുറമുഖ കമ്പനിക്ക് (VISL) റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) ഒരു എംപവേർഡ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റികൾ സമയാസമയങ്ങളിൽ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു IAS ഓഫീസറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് RDO യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment കമ്മിറ്റിയും (LIAC) ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഇപ്പോൾ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സീനിയർ IAS ഓഫീസറെ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. തുറമുഖ കമ്പനിയുടെ റിപ്പോർട്ടുകൾ തുറമുഖ വകുപ്പ് മന്ത്രി നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ